ആളുകളും ആരും അവിടെയില്ല. എണ്ണപ്പന ഫാക്ടറിയുടെ പടിക്കൽ നിരാഹാര സത്യാഗ്രഹം നടക്കുമ്പോഴും അതിന്റെ മാനേജിംഗ് ഡയറക്ടർ എണ്ണപ്പനയെക്കുറിച്ച് പഠിക്കുവാൻ മറ്റ് രാജ്യങ്ങളിൽ പോയിരിക്കുകയാണ്. ഗവൺമെന്റ് ഈ കാര്യത്തിൽ ഇടപെട്ട് അവരുടെ പ്രശ്നങ്ങളും ന്യായമാണെങ്കിൽ അവരുമായി ചർച്ച നടത്തി പരിഹരിച്ച് നിരാഹാര സത്യാഗ്രഹം അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, ഓയിൽപാം ഇൻഡ്യാ ലിമിറ്റഡിലെ വിവിധ തൊഴിലാളി യൂണിയൻ പ്രതിനിധികളും 1-10-1986 മുതൽ റിലേ സത്യാഗ്രഹവും 25-10-1986 മുതൽ നിരാഹാര സത്യാഗ്രഹവും നടത്തിവരികയാണ്. ഇരുപത് ശതമാനം ബോണസ് നൽകുക, ശമ്പളം വർദ്ധിപ്പിക്കുക, കാറ്റഗറൈസേഷൻ ഏർപ്പെടുത്തുക എന്നീ മൂന്ന് പ്രധാന ആവശ്യങ്ങളാണ് തൊഴിലാളി യൂണിയനുകളും ആവശ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത കമ്പനി നഷ്ടത്തിലായതിനാൽ ബോണസ് ആക്ട് പ്രകാരം 8.33 ശതമാനം ബോണസ് മാത്രമേ കൊടുക്കാൻ അർഹതയുള്ളു. കമ്പനി ആ തുക അനുവദിക്കുകയും തൊഴിലാളികളും അത് വാങ്ങുകയും ചെയ്തിട്ടുണ്ട്. ശമ്പള വർദ്ധനവ് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ പരിഗണനയിലിരിക്കുകയാണ്. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് ഗവൺമെന്റ് അത് സംബന്ധിച്ച് സത്വര നടപടികളും കൈക്കൊള്ളുന്നതാണ്. കാറ്റഗറൈസേഷനെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ നിയോഗിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് റിപ്പോർട്ട് ഉടനെ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. അതിൻമേൽ ഉചിതമായ തീരുമാനം എത്രയും വേഗം എടുക്കുന്നതാണ്. തൊഴിലാളികളും ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനായി ഈ മാസം 11-ാം തീയതി ഗവൺമെന്റ് ഒരു യോഗം വിളിച്ചിട്ടുണ്ട്. സർക്കാർ സ്വീകരിച്ചിട്ടുള്ള ഈ നടപടികളുടെ വെളിച്ചത്തിൽ തൊഴിലാളി യൂണിയനുകളും നിരാഹാര സത്യാഗ്രഹത്തിൽനിന്നും പിൻമാറുമെന്ന് പ്രതീക്ഷിക്കുന്നു.

(11) പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലെ ശുദ്ധജല ക്ഷാമം

ശ്രീ. പി. പി. തങ്കച്ചൻ : സർ, പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലെ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീം ആരംഭിച്ചിട്ട് പതിനെട്ടു വർഷത്തോളമായി. ജനുവരി മാസം മുതൽ ജൂൺ മാസംവരെയുള്ള ആറു മാസത്തേക്ക് നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൽനിന്നുള്ള വെള്ളം ശരിയായ രീതിയിൽ അവിടെ ആവശ്യത്തിന് ലഭിക്കുന്നില്ല. ശുദ്ധജലത്തിന് വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടി ഒരു ആഗ്മെന്റേഷൻ സ്കീം പ്രിപ്പയർ ചെയ്തിട്ട് ഏതാണ്ട് മൂന്നു വർഷത്തോളമായി. നാളിതുവരെ ആ ആഗ്മെന്റേഷൻ സ്കീമിന് അനുവാദം കിട്ടിയിട്ടില്ല. ഈ സ്കീമിൽ തൊട്ടടുത്തുള്ള പ്രോപ്പ്വും വില്ലേജായ വെങ്ങോല വില്ലേജും അതുപോലെതന്നെ രായമംഗലം വില്ലേജും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് വളരെ അടിയന്തിരമായി ഈ പ്രോപ്പ്വും വില്ലേജിലുള്ള ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയും പെരുമ്പാവൂരിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയും ഈ ആഗ്മെന്റേഷൻ സ്കീമിനുള്ള അനുവാദം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, നാനൂറ്റിയറുപതു ലക്ഷംരൂപ മുടക്കുമുതലുള്ള ഒരു പദ്ധതി എൽ.ഐ.സി.ക്ക്

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ചിട്ടുണ്ട്. അത് ഉടനെ അനുവാദം കിട്ടുന്നതിനുവേണ്ടി കാത്തിരിക്കുകയാണ്. അനുവാദം കിട്ടുന്ന മുറയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയും.

(12) ശാസ്താംകോട്ട പഞ്ചായത്തിലെ പരമേശ്വരന്റെ കൊലപാതകം

ശ്രീ. സി. കെ. തങ്കപ്പൻ : സർ, കഴിഞ്ഞ ജൂൺ 14-ാം തീയതി തുടങ്ങിയ കശുവണ്ടിത്തൊഴിലാളി സമരത്തിന്റെ ഭാഗമായി സെപ്റ്റംബർ മാസം 13-ാം തീയതി ശാസ്താംകോട്ട വിനോദ് ഫാക്ടറിയിൽ നിന്നും തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് വിനോദ് എന്ന മുതലാളി പരസ്യമായി പകൽ കടത്തിക്കൊണ്ടുവന്ന കശുവണ്ടിപ്പരിപ്പും ലോറിയും ശാസ്താംകോട്ട കവലയിൽ വച്ച് തൊഴിലാളികൾ തടഞ്ഞു. ആ കൂട്ടത്തിൽ കല്ലുംപുറത്ത് വടക്കേതിൽ പരമേശ്വരനും അടുത്തുള്ള ആൻറണിയും ഉണ്ടായിരുന്നു. ഇത് സെപ്റ്റംബർ 13-ാം തീയതിയാണ്. അവിടെവച്ച് അറസ്റ്റ് ചെയ്ത് തൊഴിലാളികളെ ശൂരനാട് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. കരുനാഗപ്പള്ളി സർക്കിളും ചവറ എസ്. ഐ. യും ചേർന്ന് പരമേശ്വരനേയും ആൻറണിയേയും ചവറ സ്റ്റേഷനിൽ കൊണ്ടുപോയി. മൂന്നു മണിക്കൂറു കൊണ്ട് പരമേശ്വരനെ മൃഗീയമായി മർദ്ദിച്ച് കൊലപ്പെടുത്തി. അടിയേറ് തളർന്നു വീണ ആൻറണി ഇന്നും അവശ നിലയിൽ കഴിയുകയാണ്. ഈ കൊലക്കുറ്റത്തിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി പരമേശ്വരന് ഹാർട്ട് അറ്റാക്കാണെന്ന് കെട്ടുകഥ പ്രചരിപ്പിച്ചു. ഒരു ഹരിജൻ കുടുംബത്തിന്റെ ആകെ സ്വത്താണ് പരമേശ്വരൻ. ഈ കൊലയാളികളുടെ പേരിൽ കൊലക്കുറ്റത്തിന് കേസെടുത്ത് അറസ്റ്റ് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, സമരത്തിൽ പങ്കെടുത്ത് ലോറി പിക്കറ് ചെയ്ത കുറ്റവാളികളെ പോലീസ് അറസ്റ്റ് ചെയ്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി താമസിപ്പിക്കുകയും പിറ്റേദിവസം കാലത്ത് അയാൾക്ക് സുഖമില്ലെന്നറിഞ്ഞ് അദ്ദേഹത്തെ പബ്ലിക് ഹെൽത്ത് സെൻറിൽ കൊണ്ടുപോവുകയും ചെയ്തു. അവിടെവച്ച് പരിശോധിച്ചപ്പോൾ നെഞ്ചുവേദന കൂടുതലാണെന്ന് കണ്ട് ഹോസ്പിറ്റലിൽ കൊണ്ടുപോയി. ഹോസ്പിറ്റലിൽ വച്ച് അയാൾ മരിച്ചു. പോസ്റ്റ് മാർട്ടത്തിൽ ഹാർട്ട് ഫെയിലുവർ ആണെന്ന് വളരെ ക്ലിയറായി റിക്കാർഡ് ചെയ്തിട്ടുണ്ട്. പോലീസ് അയാളെ മർദ്ദിച്ചിട്ടില്ല. അത് അടിസ്ഥാനരഹിതമായ ആരോപണമാണ്. അതിൻമേൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(13) വ്യാസപുരാണം എന്ന നാടകത്തിനു ചെലവാക്കുന്ന തുക.

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധന ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ ആപത്ത് പറ്റുകയും മരണമടയുകയും ചെയ്യുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ട പരിഹാരം കൊടുക്കുന്നതിനും പൈസയില്ലാതിരിക്കെ 'വ്യാസപുരാണം' എന്ന പേരിൽ മൽസ്യത്തൊഴിലാളികളുടെ ജീവിതവുമായി ഒരു ബന്ധവും ഇല്ലാത്ത ഒരു നാടകം അവതരിപ്പിക്കുന്നതിന് ലക്ഷക്കണക്കിന് രൂപ ധൂർത്തടിക്കുന്നതിലും മൽസ്യഫെഡിന്റെ വാഹനം ദുരുപയോഗപ്പെടുത്തുന്നതിലും മൽസ്യത്തൊഴിലാളികളുടെ ഇടയിൽ വലിയ അമർഷം ഉണ്ടായിരിക്കുകയാണ്. ആറുകോടി രൂപ അടുത്തകാലത്തായി ഇതിന്റെ വികസന പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾ ഏർപ്പെ

LIBRARY ARCHIVES Kerala Legislative Assembly